**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5334** **21-03-2025 - ൽ മറുപടിയ്ക്ക്**

**കൊറ്റി-കോട്ടപ്പുറം ജലപാത കാര്യക്ഷമമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | തൃക്കരിപ്പൂർ മണ്ഡലത്തിൽ വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന കൊറ്റി-കോട്ടപ്പുറം ജലപാതയിൽ യാത്രാബോട്ടുകളുടെ അപര്യാപ്തത പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് . തൃക്കരിപ്പൂർ മേഖലയിൽ നിലവിൽ സർവീസ് നടത്തി വരുന്ന റൂട്ടിൽ ഒരു സ്റ്റീൽ ബോട്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സർവീസ് ബോട്ടുകളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് ആയിറ്റി സ്ലിപ്‌വേയിൽ നിന്നും കൂടുതൽ ബോട്ടുകൾ മേജർ വർക്കുകൾ പൂർത്തിയാക്കി ആയിറ്റി -കവ്വായി - പടന്ന റൂട്ടുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കാസർഗോഡ് ജില്ലയിലെ ആയിറ്റി സ്റ്റേഷനിൽ നിന്ന് നിലവിൽ ഒരു ബോട്ട് സർവീസ് നടത്തി വരുന്നു. ടി മേഖലയിൽ ടൂറിസം കം പാസ്സഞ്ചർ സർവീസുകൾക്ക് കൂടുതൽ പ്രാമുഖ്യം നൽകി സർവീസ് വ്യാപിപ്പിക്കുന്നതിന് ജലഗതാഗത വകുപ്പ് ശ്രമിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത റൂട്ട് കാര്യക്ഷമമാക്കുന്നതിന് വകുപ്പ് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വ്യക്തമാക്കാമോ? | (ബി) | ഉണ്ട് . തൃക്കരിപ്പൂർ മേഖലയിൽ നിലവിൽ സർവീസ് നടത്തി വരുന്ന റൂട്ടിൽ ഒരു സ്റ്റീൽ ബോട്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സർവീസ് ബോട്ടുകളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് ആയിറ്റി സ്ലിപ്‌വേയിൽ നിന്നും കൂടുതൽ ബോട്ടുകൾ മേജർ വർക്കുകൾ പൂർത്തിയാക്കി ആയിറ്റി -കവ്വായി - പടന്ന റൂട്ടുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കാസർഗോഡ് ജില്ലയിലെ ആയിറ്റി സ്റ്റേഷനിൽ നിന്ന് നിലവിൽ ഒരു ബോട്ട് സർവീസ് നടത്തി വരുന്നു. ടി മേഖലയിൽ ടൂറിസം കം പാസ്സഞ്ചർ സർവീസുകൾക്ക് കൂടുതൽ പ്രാമുഖ്യം നൽകി സർവീസ് വ്യാപിപ്പിക്കുന്നതിന് ജലഗതാഗത വകുപ്പ് ശ്രമിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ